"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഇ15/10555/2013/സിഇ/തസ്വഭവ. തീയതി : 7.11.2013

## സർക്കുലർ

വിഷയം:- തസ്വഭവ - ജീവനക്കാര്യം - ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ നിയമനം - പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഉത്തരവ് നമ്പർ. ഇ15/10555/13/സിഇ/തസ്വഭവ തീയതി 07.10.2013.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ലഭ്യമായ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും ഈ ഓഫീസിൽ ലഭ്യമായ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ വകുപ്പിലെ 16 ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ നിയമനം സൂചന പ്രകാരം ക്രമവത്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉദ്യോഗസ്ഥരുടെ സേവനപുസ്തകത്തിൽ ആയതിന്റെ ഒരു പകർപ്പ് പതിക്കേണ്ടതും റഗുലറൈസേഷൻ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത ഒന്നാം ഗ്രേഡ് ഓവർസിയർമാരിൽ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാനുള്ള അപേക്ഷയും അനുബന്ധ രേഖകളും സേവനപുസ്തകം സഹിതം ഉചിതമാർഗേണ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. പി.എസ്.സി അനുവദിച്ച വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ശേഷം സേവനപുസ്തകത്തോടൊപ്പം ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയക്കുന്നതാണ്.

പി.എസ്.സി യുടെ വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ളതും എന്നാൽ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതുമായ ചുവടെ പട്ടികയിൽ പേരു ചേർത്തിട്ടുള്ള ഒന്നാം ഗ്രേഡ് ഓവർസിയർമാർ പോലീസ് വെരിഫിക്കേഷനുള്ള അപേക്ഷ ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റിലെ നിർദ്ദേശാനുസരണം വളരെ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ഈ ഓഫീസിൽ ലഭ്യമായാൽ മാത്രമേ ടി ഉദ്യോഗസ്ഥരുടെ നിയമനം ക്രമവത്കരിക്കുന്നതിനോ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനോ സാധിക്കുകയുള്ളു എന്ന വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും നിയന്ത്രണാധികാരികളേയും അറിയിക്കുന്നു.

ഉള്ളടക്കം: പട്ടിക

ഡെപ്യൂട്ടി ചീഫ് എൻജിനീയർ

എല്ലാ നിയന്ത്രണാധികാരികൾക്കും വെബ്സൈറ്റ് മുഖേന

# പട്ടിക

| ക്രമ നമ്പർ | പേര് | നിയമന ശുപാർശ ചെയ്ത തീയതി | വെരിഫിക്കേഷൻ നടന്ന തീയതി |
|---|---|---|---|
| 1 | ഷാനു.ജെ | 11.07.2011 | 10.06.2013 |
| 2 | ഷമീന.വി.എ | 11.07.2011 | 10.06.2013 |
| 3 | നിഷാന്ത് കാവുങ്ക പറമ്പിൽ | 11.07.2011 | 10.06.2013 |
| 4 | പി.കെ.വത്സകുമാർ | 11.07.2011 | 10.06.2013 |
| 5 | രാജലക്ഷ്മി.എ.ആർ | 11.07.2011 | 10.06.2013 |
| 6 | മുഹസിൻ | 11.01.2011 | 10.06.2013 |

ഡെപ്യൂട്ടി ചീഫ് എൻജിനീയർ